# വചന വിചിന്തനം

## ശ്ലീവക്കാലം മൂന്നാം ഞായർ

മത്താ 15,21-28

28/09/2014

"സ്ത്രീയേ, നിന്റെ വിശ്വാസം വലുതാണ്. നീ ആഗ്രഹിക്കുന്നതുപോലെ നിനക്ക് ഭവിക്കട്ടെ" (15,28). ഇതിനെ മനസ്സിലാക്കാവുന്ന വിധത്തിൽ രേഖപ്പെടുത്തിയാൽ, 'സ്ത്രീയെ, നിന്റെ വിശ്വാസം വലുതാണ്. അതിനാൽ നീ ആഗ്രഹിക്കുന്നതുപോലെ നിനക്ക് സംഭവിക്കട്ടെ.' അതായത്, എനിക്ക് സർവ്വശക്തനായ ദൈവത്തിൽ എന്തുമാത്രം വിശ്വാസമുണ്ടോ, അതിനനുസരിച്ചുമാത്രമായിരിക്കും എന്റെ ജീവിതത്തിൽ അൽഭുതങ്ങൾ അരങ്ങേറുക എന്ന് രത്നചുരുക്കം. വിശ്വാസത്തിന്റെ വലുപ്പത്തെക്കുറിച്ചാണ് വചനഭാഗം പഠിപ്പിക്കുന്നതും, ആത്മപരിശോധനചെയ്യാൻ ആവശ്യപ്പെടുന്നതും.

*ക്രിസ്തീയ സ്നേഹം അനുകമ്പയിൽ നിറഞ്ഞിരിക്കുന്നു. ശിഷ്യർ അവളെ ശല്ല്യമായി കണ്ടപ്പോൾ, ക്രിസ്തു അവളു വിശ്വാസത്തെ പരീക്ഷിക്കുകയും അവക്ക് സൗഖ്യം സമ്മാനിക്കുകയും ചെയ്യുന്നു.*

ദൈവാലയത്തിൽ ചെന്ന സന്ന്യാസി ഇപ്രകാരം പ്രാർത്ഥിച്ചുവെന്നാണ് പറയുന്നത്, "ദൈവമേ, അപ്പമുള്ളവന് വിശപ്പും, വിശപ്പുള്ളവന് അപ്പവും നൽകണമേ!" രക്ഷയിലേയ്ക്ക് വിളിക്കപ്പെട്ടവർ രക്ഷയിൽ നിന്ന് പുറം തിരിഞ്ഞ് നടന്നുപോയപ്പോൾ, തീക്ഷ്ണമായ വിശ്വാസംകൊണ്ട് അപ്പം സ്വന്തമാക്കി രക്ഷ അനുഭവിച്ചറിഞ്ഞ വിജാതിയായ കാനാൻക്കാരിയെയാണ് വചനഭാഗത്തിൽ നാം പരിചയപ്പെട്ടത്. അവൾ രക്ഷ സ്വന്തമാക്കിയത് വിശ്വാസത്തിലൂടെയാണ്. ആ വിശ്വാസത്തിന്റെ രത്നചുരുക്കം ഇപ്രകാരമാണ്, "കാനാൻക്കാരിയുടെ വിശ്വാസം = അനുഗ്രഹങ്ങൾ എന്റെ അവകാശമല്ല, മറിച്ച്, കർത്താവിന്റെ ഔദാര്യമാണ്." പലപ്പോഴും, ഈ വിശ്വാസമില്ലാത്തത് കൊണ്ട് തന്നെയാണ് അനുഗ്രഹങ്ങൾ എന്റെ ജീവിതത്തിലേയ്ക്ക് കടന്നുവരാത്തതും. വിശ്വാസംകൊണ്ട് എന്തുമാത്രം പ്രതിസന്ധികളെ തരണം ചെയ്താണ് കാനാൻകാരി കർത്താവിൽ നിന്ന് അനുഗ്രഹം ഏറ്റുവാങ്ങുന്നത്. അവൾ ക്രിസ്തുവിന്റെ അടുത്ത് ചെല്ലുന്നു, ക്രിസ്തുവിന്റെ മുമ്പിൽ കരഞ്ഞപേക്ഷിക്കുന്നു, കരഞ്ഞപേക്ഷിച്ചിട്ടും ക്രിസ്തു അവളെ ഗൗനിക്കാതെയിരിക്കുന്നു, ശല്ല്യം സഹിക്കാൻ വയ്യാതായപ്പോൾ ശിഷ്യൻമാർ അവൾക്ക് വേണ്ടി ക്രിസ്തുവിനോട് മാദ്ധ്യസ്ഥം യാചിക്കുന്നു, ക്രിസ്തു അവളെ നിശിതമായി വിമർശിച്ചയക്കുന്നു, എന്നിട്ടും തിരിച്ച് പോകാതെ അനുഗ്രഹത്തിനായി ക്രിസ്തുവുമായി വാക്ക്വാദത്തിലേർപ്പെടുന്നു, രക്ഷയ്ക്ക് വേണ്ടി ക്രിസ്തുവിന്റെ മുമ്പിൽ അവൾ കേഴുകയും പ്രണമിക്കുകയും ചെയ്യുന്നു. അവസാനം, അവളുടെ വിശ്വാസത്തിൽ സംപ്രീതനായ ക്രിസ്തു അവൾക്ക് രക്ഷ സമ്മാനിക്കുന്നു. നമ്മൾ ചിന്തിക്കേണ്ടത്, രക്ഷ സ്വന്തമാക്കാനായി നമ്മൾ ഇതിൽ എത്രാമത്തെ 'സ്റ്റേജ്' വരെ പോകും?

സ്വന്തം മകൾക്ക് വേണ്ടി കണ്ണുനീരൊഴുക്കി ക്രിസ്തുവിന്റെ മുമ്പിൽ രക്ഷയ്ക്കായ് യാചിക്കുന്ന കാനാൻകാരി സ്ത്രീ ഇന്നത്തെ മാതാപിതാക്കൾക്ക് മാതൃകയായിരിക്കണം. അവൾ ദൈവതിരുസന്നിധിയിലെത്തിയത് തനിക്ക് വേണ്ടിയല്ല, മറിച്ച്, തന്റെ മകൾക്ക് വേണ്ടിയാണ്. നമ്മുടെ പ്രാർത്ഥനകളും യാചനകളും സ്വർത്ഥത നിറഞ്ഞതാണോ എന്ന് നമുക്ക് ചിന്തിക്കാം. മാതാപിതാക്കൾ മക്കൾക്ക് വേണ്ടി കണ്ണുനീരോടെ പ്രാർത്ഥിക്കണം. വിശ്വാസത്തോടുകൂടിയുള്ള പ്രാർത്ഥന ദൈവം കേൾക്കുമെന്ന് വചനം സാക്ഷ്യപ്പെടുത്തുമ്പോൾ ഇതിന് സഹായകമായ ഒരുപാട് ആനുകാലികസംഭവങ്ങളെ നമുക്ക് കണ്ടെത്തുവാൻ സാധിക്കു. മുപ്പത്തിമൂന്നാം

വയസുവരെ ദൂർത്തനായി ജീവിച്ച വി. അഗസ്റ്റിനെ നമ്മുക്കറിയാം. കണ്ണുനീരിന്റെ മകനാണ് വി.അഗസ്റ്റിൻ. മകൻ ഉറങ്ങുമ്പോൾ മകന്റെ കട്ടിലിൽ അമ്മ മോണിക്കപുണ്യവതി മെഴുകുതിരി കത്തിച്ച് വച്ച് മകന്റെ മാനസാന്തരത്തിനായി പ്രാർത്ഥിക്കുമായിരുന്നു. കണ്ണുനീരോടുകൂടി തന്റെ മകന് വേണ്ടി നിരന്തരം പ്രാർത്ഥിച്ച മോണിക്ക പുണ്യവതി തന്റെ ദുഃഖങ്ങൾ ഹിപ്പോയിലെ ബിഷപ്പായിരുന്ന വി.അംബ്രോസിനോട് പറയുമായിരുന്നു. അപ്പോഴൊക്കെ വി. അബ്രോസ് മോണിക്ക പുണ്യവതിയുടെ അടുത്ത് പറയും, "മകളെ, കണ്ണുനീരോടെ പ്രാർത്ഥിക്കുക. നിന്റെ കണ്ണുനീർ ദൈവം കാണും." ഒടുവിൽ മോണിക്കയുടെ കണ്ണുനീർ ദൈവകണ്ടു. ഒപ്പം, കണ്ണുനീരിനെ വാർത്തെടുത്ത വിശ്വാസവും. അഗസ്റ്റിൻ മാനസാന്തരപ്പെട്ടു. അമ്മയും മകനും വിശുദ്ധരായി.

ഇതിനോട് സമാനമായ സംഭവവും വി.ഫ്രാൻസീസ് അസിസ്സി, രണ്ടാമത്തെ ക്രിസ്തു, തന്റെ ജീവിത്തിൽ നിന്ന് അടർത്തിയെടുത്ത് തരുന്നുണ്ട്. ഫ്രാൻസീസ് അസിസ്സി ആത്മഗതം ചെയ്യുന്നു, "അപ്പൻ പറയുന്നു, 'ഈ ലോകത്തെ വെട്ടിപ്പിടിക്കാൻ.' അമ്മ മുട്ടുകുത്തി കൈകൾ വിരിച്ച് പറയാതെ പ്രാർത്ഥിക്കുന്നു, 'ഈ ലോകത്തെ സ്നേഹിച്ച് തോൽപ്പിക്കാൻ.' അവസാനം വിശ്വാസത്തോടുകൂടിയുള്ള കണ്ണുനീരിന്റെ ഉപ്പുരസമുള്ള എന്റെ അമ്മയുടെ പ്രാർത്ഥന ദൈവം കേട്ടു." ഫ്രാൻസീസ് പഞ്ചക്ഷതധാരിയായ രണ്ടാമത്തെ ക്രിസ്തുവായി...വിശുദ്ധനായി.

ഭഗ്നാശയാകാതെ കർത്താവിനോട് ചേർന്ന് നിന്നപ്പോഴാണ് കർത്താവ് അവൾക്ക് സൗഖ്യവും അത് വഴി രക്ഷയും സമ്മാനിച്ചത്. സൗഖ്യവും രക്ഷയും സ്വന്തമാക്കാൻ ഞാൻ ചെയ്യേണ്ടതും ഇത് തന്നെയാണ്. കർത്താവിന്റെ വക്ഷസിൽ ഒരിടം കണ്ടെത്തുക.

കണ്ണുനീരിന്റെ ഉപ്പുരസും വിശ്വാസത്തിന്റെ ആഴവുമുള്ള ഒരു പ്രാർത്ഥനയും വൃഥാവിലാവില്ല എന്നതാണ് കാനാൻക്കാരി നമ്മളെ പഠിപ്പിച്ച് തരുന്നതും. നമ്മുടെ മക്കൾക്ക് വേണ്ടി നാം ഇന്ന് പ്രാർത്ഥിക്കണം. കാരണം, ഇടറിപ്പോകാനും തെറ്റിപോകാനും ഇന്ന് നമ്മുടെ മക്കൾക്ക് വഴികളേറെയാണ്. കുടുംബത്തിലെ അമ്മമാർ തങ്ങളുടെ മക്കൾക്ക് വേണ്ടി കണ്ണുനീരോടെ കൈകൾ വിരിച്ച് പ്രാർത്ഥിക്കുന്ന ചിത്രം നമ്മുടെ മക്കളുടെ മനസുകളിൽ പതിയുന്നുണ്ടെങ്കിൽ അവർ വഴിതെറ്റുകയില്ല.

വചനം സാക്ഷ്യപ്പെടുത്തുന്നില്ലെങ്കിലും, കാനാൻകാരിയുടെ മകൾ പിന്നീടങ്ങോട് തന്റെ അമ്മയെ കാണുന്നത് വെറുമൊരു സാധാരണ അമ്മയായിട്ടായിരിക്കില്ല. നാണം കെട്ടിട്ടും പൊരുതിനിന്ന് എന്റെ അമ്മ നേടിയ രക്ഷയാണ് എന്റെ ജീവിതം എന്ന ബോദ്ധ്യവും കാഴ്ച്ചപ്പാടും തീർച്ചയായും അവൾക്കുണ്ടായിരിക്കണം. 'ക്രൂരമായ പിശാച്' ബാധിച്ച മകളുടെ രക്ഷയ്ക്ക് വേണ്ടി അമ്മ അനുഭവിച്ച ത്യാഗങ്ങൾ അവളുടെ ജീവിതത്തിൽ എന്നും ഉണ്ടായിരിക്കണം. അവളുടെ ജീവിതത്തിൽ അവളുടെ അമ്മയിൽ നിന്ന് സ്വന്തമാക്കിയ ഏറ്റവും വലിയ നന്മയും അത് തന്നെയായിരിക്കണം.

"ശിഷ്യൻമാർ അവനോട് അഭ്യർത്ഥിച്ചു, അവളെ പറഞ്ഞയച്ചാലും. അവൾ നമ്മുടെ പിന്നാലെ വന്ന് നിലവിളിക്കുന്നുവല്ലോ!" (15,23). ഒന്ന് ഇരുത്തിവായിച്ചാൽ ഒരു കാര്യം വ്യക്തമാകും, ശിഷ്യൻമാർ ക്രിസ്തുവിനോട് അവൾക്ക് വേണ്ടി മാദ്ധ്യസ്ഥം യാചിക്കുന്നത് അവളിൽ കരുണതോന്നിയിട്ടല്ല. മറിച്ച്, അവൾ ശല്ല്യമായി പുറകെ വരുന്നത് കൊണ്ടാണ്. കത്തോലിക്കരാണെന്നും, ക്രിസ്തുശിഷ്യരാണെന്നും അഭിമാനിക്കുന്ന നാം നമ്മുടെ പ്രവർത്തികളെ ഒന്ന് വിശകലനം ചെയ്താൽ, പലപ്പോഴും, ഈശോയുടെ ശിഷ്യരും നമ്മളും തമ്മിൽ വലിയ അന്തരമില്ല എന്ന് തോന്നിപോകും. കാരണം, പലപ്പോഴും നമ്മുടെ പ്രവർത്തികളും ഇപ്രകാരമാണ്. ദിനംപ്രതി ഒരുപാട് നന്മകൾ നാം ചെയ്യാറുണ്ട്. പക്ഷെ, അതിൽ എത്രഎണ്ണം ക്രിസ്തീയ സ്നേഹത്തെയും പരസ്നേഹത്തെപ്രതിയും നാം ചെയുണ്ട്. ക്രിസ്തു അവളിൽ അനുകമ്പ കാണിക്കുന്നു. അത് ശല്ല്യമായത്കൊണ്ടല്ല. മറിച്ച്, അവളുടെ വിശ്വാസം കണ്ടിട്ടാണ്. പ്രിയപ്പെട്ടവർ സഹായം തേടി നമ്മുടെ ചാരെ അണയുന്നത് നമ്മിളിലുള്ള വിശ്വാസം കൊണ്ടാണ്. ആ

വിശ്വാസത്തെ ഗൗനിക്കാൻ നമുക്ക് സാധിക്കണം. ശല്ല്യമായതുകൊണ്ടല്ല, മറിച്ച്, അനുകമ്പയുടെയും അലിവിന്റെയും പേരിൽ ക്രിസ്തീയ സ്നേഹത്തിന്റെയും പരസ്നേഹത്തിന്റെയും പേരിലായിരിക്കണം അനുഗ്രഹങ്ങൾ സമ്മാനിക്കേണ്ടത്.

എന്തുകൊണ്ട് കർത്താവ് കാനാൻകാരിയുടെ വിശ്വാസത്തെ ശ്ലാഘിക്കുന്നത്? ഇതിന്റെ പുറകിൽ കർത്താവ് ചില കാരണങ്ങൾ കണ്ടെത്തുന്നുണ്ട്;

1. മകളുടെ വേദന സ്വന്തം വേദനയായി അവൾ ഏറ്റെടുത്തിരുന്നു.

2. അവൾക്ക് ക്രിസ്തുവിൽ പ്രത്യാശയുണ്ടായിരുന്നു, "ഇവൻ ദൈവപുത്രനാണ്. ഇവന് എന്റെ മകളെ സുഖപ്പെടുത്താൻ കഴിയുമെന്ന്."

3. വിശ്വാസത്തിന്റെ വളർച്ച കർത്താവ് അവളിൽ ദർശിച്ചു. 'ദാവീദിന്റെ പുത്രാ' (15,22). തികച്ചും, ഒരു ഭരണാധികാരി മാത്രമായണ് അവൾ ക്രിസ്തുവിനെ ആദ്യം കാണുന്നത്. അതിൽ നിന്ന്, ക്രിസ്തുവിനെ പ്രണമിക്കുന്നതിലൂടെ (15,25), അവന്റെ ദൈവത്ത്വം അവൾ ഏറ്റ് പറയുകയാണ്.

4. വിശ്വാസം ജനിപ്പിക്കുന്ന സ്ഥിരോത്സാഹം അവളിൽ നിറഞ്ഞിരുന്നു. പ്രതിസന്ധികളെയും പ്രതിബന്ധങ്ങളെയും അവൾ സ്ഥിരോത്സാഹത്താൽ കിഴടക്കുന്നു.

5. തർക്കിക്കുമ്പോഴും മറ്റുള്ളവരെ വേദനിപ്പിക്കാതെ നന്മചെയ്യാൻ പ്രോത്സാഹിപ്പിക്കുമാറ് പെരുമാറാൻ അവൾക്ക് സാധിച്ചു.

6. വിശ്വാസം അതാണ് രക്ഷയ്ക്ക് ഉതകുന്നതെന്ന് അവൾ തിരിച്ചറിഞ്ഞിരുന്നു.

ക്രിസ്തുശിഷ്യർ പ്രാർത്ഥിച്ചു, "കർത്താവേ ഞങ്ങളുടെ വിശ്വാസം വർദ്ധിപ്പിക്കണമേ..." ബർത്തേമിയൂസിന് അവന്റെ വിശ്വാസം കാഴ്ച്ചയ്ക്ക് കാരണമായി (മർക്കോ 10,52). നമുക്കും പ്രാർത്ഥിക്കാനുള്ളത് ഇത് തന്നെയാണ്, "കർത്താവേ ഞങ്ങളുടെ വിശ്വാസം വർദ്ധിപ്പിക്കണമേ."

സങ്കടകടലിൽ ആഴുന്നവർക്ക് ദൈവമാണ് അഭയശില. എന്നാൽ, ആ ദൈവം തന്നെ ശത്രുപക്ഷത്ത് നിന്നാൽ എന്താകും അവസ്ഥ? വചനഭാഗത്തിലൂടെ യാത്രചെയ്യുമ്പോൾ നമുക്ക് തോന്നുന്ന വികാരവും ഇത് തന്നെയാണ്. സകലജനത്തിനും രക്ഷസമ്മാനിക്കാൻ വന്നവൻ സൗഖ്യം തേടിവന്നവളെ വെറും കൈയ്യോടെ പറഞ്ഞയക്കാൻ പരിശ്രമിക്കുന്നു. പക്ഷെ, അതൊന്നും വെറും കൈയ്യോടെ പറഞ്ഞയക്കാനുള്ള തത്രപാടല്ലായിരുന്നു എന്നാണ് നാം തിരിച്ചറിയേണ്ടത്. കാരണം, ഇതിനോട് സമാനമായ ഒരുപാട് വചനഭാഗങ്ങൾ വി.ഗ്രന്ഥത്തിലുണ്ട്. ഒരു രാത്രിമുഴുവൻ ദൈവവുമായി മൽപിടുത്തം നടത്തുന്ന യാക്കോബ് (ഉൽപ്പ 32,21-31). അവസാനം ദൈവം അവനെ അനുഗ്രഹിച്ച് യാത്ര അയക്കുന്നു. സന്തതികളെ ആകാശത്തിലെ നക്ഷത്രങ്ങൾപ്പോലെയും കടൽക്കരയിലെ മണൽ തരിപ്പോലെയും വർദ്ധിപ്പിക്കുമെന്ന് അബ്രാഹത്തോട് വാഗ്ദാനം ചെയ്തവൻ ആകെയുള്ള മകനെ ബലിയർപ്പിക്കാൻ പറയുന്നു (ഉൽപ്പ 22,1-24). വചനം പഠിപ്പിക്കുന്നത് ഒന്നുമാത്രമാണ്, "രക്ഷ സ്വന്തമാക്കാനുള്ള അടിസ്ഥാന യോഗ്യത എന്നത് വിശ്വാസത്തിൽ ആഴപ്പെടുക" എന്നതാണെന്ന്. യാക്കോബ് പൂർവ്വപിതാവായപ്പോൾ അബ്രാഹം വിശ്വാസിക്കളുടെ പിതാവായി.

യാക്കോബിനെപ്പോലെയും, അബ്രാഹത്തെപ്പോലെയും, പൂർവ്വപിതാവായ ജോസഫിനെപ്പോലെയും, സഹനങ്ങളിൽ ദൈവത്തെ തള്ളിപറയാതിരുന്ന ജോബിനെപ്പോലെയും, സംശയങ്ങളിലും സങ്കടങ്ങളിലും 'നിന്റെ വചനം എന്നിൽ സംഭവിക്കട്ടെ' എന്നു പറഞ്ഞ മറിയത്തെപ്പോലെയും നാണം കെട്ടിട്ടും വിപരീത അനുഭവം കർത്താവിൽ നിന്നുണ്ടായിട്ടും ദൈവത്തിലുള്ള വിശ്വാസം കൈവെടിയാതെ മുറുകെ പിടിച്ച കാനാൻ കാരിക്കുള്ള സർട്ടിഫിക്കേറ്റാണ്, "സ്ത്രീയെ, നിന്റെ വിശ്വാസം വലുതാണ്. നീ ആഗ്രഹിക്കുന്നതുപ്പോലെ നിനക്ക് ഭവിക്കട്ടെ" (15,28).

---

ഫാ. ജോബി മേനോത്ത്